**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3480** | **02-03-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ കൃഷി ഓഫീസിനെ സ്മാർട്ട് ഓഫീസാക്കി മാറ്റുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് ട്രാഞ്ചെ 28 സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം ആലത്തൂർ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുവാനുള്ള പദ്ധതിരേഖ സമർപ്പണത്തിലാണ്. സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ആലത്തൂർ സീഡ് ഫാമിന്റെ അധീനതയിലുള്ള 5 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് അനുമതിയ്ക്കായി ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ? | (ബി) | പുതിയ കെട്ടിടമുൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.<br><br>പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>(1) കാർഷിക വിവരശേഖരണവും, ഇതിന്റെ ഡിജിറ്റലൈസേഷനും മാപ്പിങ്ങും<br><br>(2) പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ വിപുലീകരണം<br><br>(3) കൃഷിഭവനിലെ കമ്പ്യൂട്ടർവൽക്കരണം<br><br>(4) കടലാസ് രഹിത ഓഫീസ് സംവിധാനം<br><br>(5) എയിംസ് പോർട്ടൽ, സ്മാർട്ട് കാർഡ് വിതരണവും, എയിംസ് പോർട്ടൽ വഴി കർഷകരുടെ വിവരശേഖരണം<br><br>(6) ഫ്രണ്ട് ഓഫീസ് സംവിധാനം<br><br>(7) കൃഷിവകുപ്പിന്റെ ഫാമുകൾ ലാബുകൾ തുടങ്ങിയവയുടെ ഡിജിറ്റൈസേഷൻ e-FT തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | (7) ഓൺലൈൻ ഓഡിറ്റിംഗ് സംവിധാനം<br><br>(8) മാതൃക ഗ്രീൻഹൗസ് സംവിധാനം<br><br>(9) മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ<br><br>(10) ഫാം പ്ലാനുകളുടെ ഡിജിറ്റൈസേഷൻ<br><br>(11) ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി<br><br>പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ